# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 238* — 09.03.2018-ലെ മറുപടി

### വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, എം.സ്വരാജ്<br>,, എം.നൗഷാദ്<br>ശ്രീമതി.യു.പ്രതിഭ ഹരി | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പകുതിയിലധികം ജനങ്ങൾക്ക് പൈപ്പ് ലൈനിലൂടെ കുടിവെള്ളമെത്തിക്കുന്ന കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നതിലൂടെയുള്ള വരവും പ്രവർത്തന ചെലവും തമ്മിലുള്ള വിടവ് കുറയ്ക്കാനായി എന്ത് മാർഗ്ഗമാണ് സ്വീകരിക്കുന്നത്; | (എ) | കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നതിലൂടെയുള്ള വരവും പ്രവർത്തന ചെലവും തമ്മിലുള്ള വിടവ് കുറയ്ക്കുന്നതിന് റവന്യൂ വർദ്ധിപ്പിക്കുവാൻ വേണ്ടി കൃത്യമായ ബില്ലിംഗും, കളക്ഷനും നടത്തുന്നു. ഗാർഹിക, ഗാർഹികേതര കണക്ഷനുകളിൽ കുടിശ്ശിക വരുത്തിയവരുടെ കണക്ഷനുകൾ ഡിസ്കണക്ട് ചെയ്ത് റവന്യൂ റിക്കവറി നടത്തി കുടിശ്ശിക ഈടാക്കിയും, ഗവൺമെന്റ് സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക സർചാർജ്ജ് ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിഴ പലിശ ഇളവും വരുത്തി അടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലപഴക്കം ചെന്ന പൈപ്പ് ലൈനുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാറ്റി സ്ഥാപിച്ച് ജലചോർച്ച കുറയ്ക്കുവാനും അതുവഴി റവന്യൂ നഷ്ടം ഒഴിവാക്കുവാനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കാലപഴക്കത്താൽ കാര്യക്ഷമത കുറഞ്ഞ മോട്ടോറുകളും പമ്പുസെറ്റുകളും മാറ്റി സ്ഥാപിച്ച് കാര്യക്ഷമത വർദ്ധിപ്പിച്ച് വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു. ജലത്തിന്റെ ദുരുപയോഗം പരമാവധി കുറയ്ക്കുന്നതിന് കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ച് ഉപയോഗത്തിനനുസരിച്ച് ബില്ലിംഗ് നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) നിലവിലുള്ള വൻകുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടിയെടുക്കുമോ; | (ബി) | എടുക്കുന്നതാണ്. |
| (സി) കേരള വാട്ടർ അതോറിറ്റിയെ സാമ്പത്തികമായും സ്ഥാപനപരമായും ശാക്തീകരിച്ച് എല്ലാ വീടുകളിലും കുടിവെള്ളം എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിന് ഉള്ള പരിപാടി എന്താണ്; വിശദമാക്കാമോ; | (സി) | 2016-17 ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. |

എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതു വഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.

വെള്ളക്കര കടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം മുൻ വർഷത്തേക്കാൾ 67 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇവയൊക്കെയാണ് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ.

| | |
|---|---|
| (ഡി) ജലചോർച്ച തടയാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) പൈപ്പ് ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ് ലൈൻ ചോർച്ചയും മറ്റു പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു. ബഡ്ജറ്റ് വിഹിതത്തിലൂടെയും ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ടിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികളിലൂടേയും കാലഹരണപ്പെട്ട പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. ജലചോർച്ച തടയുന്നതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൈപ്പുകളുടെ ചോർച്ച പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ